# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5077     06/02/2014-ൽ മറുപടിയ്ക്ക്

### മത്സ്യമേഖല വിദ്യാർത്ഥി സമിതിയുടെ നിവേദനം

| ചോദ്യം<br>ശ്രീ. റ്റി. എൻ. പ്രതാപൻ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) മത്സ്യമേഖലയിലെ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനെ സംബന്ധിച്ച് കേരള മത്സ്യമേഖല വിദ്യാർത്ഥി സമിതിയുടെ നിവേദനം ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) നിവേദനം ലഭിച്ചിട്ടുണ്ട്. |
| (ബി) നിവേദനത്തിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) നിവേദനത്തിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. <u>ലംപ്സംഗ്രാന്റ് കുടിശ്ശിക</u><br>രണ്ട് വർഷമായി മുടങ്ങി കിടക്കുന്ന ലംപ്സം ഗ്രാന്റ് കുടിശ്ശിക അടിയന്തിരമായി അനുവദിക്കുക.<br>2. 21/11/മതുവ ഉത്തരവിന്റെയും 50/09/പ.ജ.പ. വ.വി.വ എന്ന ഉത്തരവിന്റെയും പകർപ്പുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, യൂണിവേഴ്സിറ്റികൾക്കും, വിദ്യാഭ്യാസ വകുപ്പിനും ലഭ്യമാകത്തക്ക വിധത്തിൽ അയക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.<br>3. പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക്, തലങ്ങളിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണത്തിനായി ഇ-ഗ്രാന്റ്സ് സംവിധാനം അടിയന്തിരമായി നടപ്പിലാക്കുക.<br>4. SC/ST ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥർ മുഖേന ഫിഷറീസ് വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണം നല്കുക.<br>5. പാരലൽ കോളേജുകൾ, ഇഗ്നോയുടെ ഓഫ് ക്യാമ്പസ് കോഴ്സുകൾ, അൺഎയ്ഡഡ് സ്ക്കൂളുകൾ, വിദൂര വിദ്യാഭ്യാസ കോഴ്സുകൾഎന്നീ കോഴ്സുകൾക്ക് |

SC/ST വകുപ്പ് സ്വീകരിച്ചു വരുന്ന നടപടി ക്രമങ്ങൾ അതേപടി പാലിക്കുക, പ്രത്യേക അപേക്ഷാഫോറങ്ങൾ തയ്യാറാക്കി അവ ക്ഷേമനിധി ബോർഡ്, മത്സ്യഭവൻ ഓഫീസുകൾ വഴി ലഭ്യമാകുവാനുള്ള നടപടികൾ സ്വീകരിക്കുക

6. മേൽപ്പറഞ്ഞ കോഴ്സുകൾക്ക് അപേക്ഷ സമർപ്പിച്ചവർക്ക് എത്രയും വേഗം ആനുകൂല്യം വിതരണം ചെയ്യുക.

7. തിരുവനന്തപുരം ലൂയിസ് കാത്തലിക് ഹോസ്റ്റൽ ഉൾപ്പെടുത്തിക്കൊണ്ട് അംഗീകൃത ഹോസ്റ്റലുകളുടെ ലിസ്റ്റ് തയ്യാറാക്കുകയും ഈ ഹോസ്റ്റലുകൾക്ക് SC/ST വകുപ്പ് നൽകുന്ന ഹോസ്റ്റൽ ഫീ ആനുകൂല്യം നടപ്പിലാക്കുകയും ചെയ്യുക.

8. ആൾ സെയിന്റ്സ് കോളേജിലെ ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് അവർ ആവശ്യപ്പെടുന്ന ന്യായമായ ഹോസ്റ്റൽ ഫീസ് അനുവദിക്കുകയും, വെട്ടിക്കുറച്ച ആനുകൂല്യതുക ഉടൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുക.

9. കായിക പ്രാവീണ്യമുള്ള മത്സ്യമേഖല വിദ്യാർത്ഥികൾക്കായി അയ്യങ്കാളി സ്പോർട്ട്സ് സ്ക്കൂൾ മാതൃകയിൽ ഒരു ഫിഷറീസ് സ്ക്കൂളിനെ സ്പോർട്ട്സ് സ്ക്കൂളാക്കി ഉയർത്തുക.

10. ഫിഷറീസ് റീജിയണൽ ടെക്നിക്കൽ സ്ക്കൂളുകളിൽ ജീവശാസ്ത്രം, ഇംഗ്ലീഷ്, വാർഡൻ, എന്നീ തസ്തികകൾ സൃഷ്ടിക്കുക.

11. ഫിഷറീസ് സ്ക്കൂളുകളിൽ വൊക്കേഷണൽ ഹയൽ സെക്കണ്ടറി വരെ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുക.

12. 8-ാം ക്ലാസ്സുമുതൽ വി.എച്ച്.എസ്സ്.സി വരെ ഫിഷറീസ്, മറൈൻ തുടങ്ങിയ മേഖലയിലെ നൂതന കോഴ്സുകൾ ഐച്ഛിക വിഷയമായി പഠിപ്പിക്കുക.

13. മേൽ പഠനം വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് തുടർ പഠനം ഉറപ്പുവരുത്തുന്നതിന് ഫിഷറീസ് സർവ്വകലാശാലയിലെ കോഴ്സുകൾക്കും മറ്റു സർവ്വകലാശാലകളിലെ ഫിഷറീസ് സംബന്ധമായ കോഴ്സുകൾക്കും പ്രത്യേക

സംവരണം ഏർപ്പെടുത്തി ടി സ്ഥാപനങ്ങളിൽ കുട്ടികൾക്ക് നേരിട്ട് പ്രവേശനം ലഭ്യമാക്കുക.

14. ഫിഷറീസ് സർവ്വകലാശാലയിൽ മത്സ്യമേഖല വിദ്യാർത്ഥികൾക്ക് നിലവിൽ സംവരണം ചെയ്തിരിക്കുന്ന 6 സീറ്റിൽ നിന്നും 12 ആക്കി ഉയർത്തുക.

15. ഹയർ സെക്കൻഡറി, വി.എച്ച്.എസ്സ്.സി വിദ്യാർത്ഥികളിൽ നിന്നും അഡ്മിഷൻ സമയത്ത് ഫീസ്സ് ഈടാക്കുവാൻ പാടില്ലെന്ന് നിഷ്ക്കർഷിച്ചുകൊണ്ട് അഡ്മിഷന്റെ ഭാഗമായി പുറപ്പെടുവിക്കുന്ന പ്രോസ്പെക്ടസിൽ വ്യക്തമാക്കുക.

16. പ്രൊഫഷണൽ വിദ്യാഭ്യാസമേഖലയിൽ മത്സ്യമേഖലാ വിദ്യാർത്ഥികളെ മോസ്റ്റ് ബാക്ക്‌വേർഡ് ക്ലാസ്സിൽ ഉൾപ്പെടുത്തി സംവരണം ഏർപ്പെടുത്തുക.

17. സംവരണം നടപ്പിലാക്കുന്നതുവരെ മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ ആകുന്ന മത്സ്യമേഖല വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നടപ്പിലാക്കുക.

18. കേന്ദ്ര-സംസ്ഥാന എൻട്രൻസ് പരീക്ഷകൾക്കുള്ള അപേക്ഷ ഫോറം മത്സ്യമേഖല വിദ്യാർത്ഥികൾക്ക് സൗജന്യമായി നൽകുക.

19. എൻട്രൻസ് അലോട്ട്മെന്റ് പ്രകാരം സ്വാശ്രയ കോളേജിൽ അഡ്മിഷനാകുന്ന വിദ്യാർത്ഥികൾക്ക് അലോട്ട്മെന്റ് സമയത്ത് ഫീസ് അടയ്ക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള എൻട്രൻസ് കമ്മീഷണറുടെ നടപടി അവസാനിപ്പിക്കുകയും SC/ST മാതൃകയിൽ ഫീസ് ആനുകൂല്യം നടപ്പിലാക്കുകയും ചെയ്യുക;.

20. എൻട്രൻസ് കോച്ചിംഗിനും മത്സര പരീക്ഷകൾക്കുള്ള പരിശീലനത്തിനുമായി ഫിഷറീസ് ഡിപ്പാർട്ട്മെന്റിനു കീഴിൽ പ്രീ എക്സാമിനേഷൻ സെന്റർ അനുവദിക്കുക.

21. പ്രസ്തുത സെന്റർ അനുവദിക്കുന്നതുവരെ പ്രൈവറ്റ് സ്ഥാപനങ്ങളിൽ പഠിക്കുന്ന മത്സ്യമേഖല വിദ്യാർത്ഥികൾക്ക് എൻട്രൻസ് കോച്ചിംഗിനുള്ള ഫീസ് ആനുകൂല്യം നൽകുക

| | |
|---|---|
| (സി) നിവേദനത്തിലെ ആവശ്യങ്ങൾ പരിഹരിക്കുവാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) നിവേദനത്തിലെ ആവശ്യങ്ങൾ പരിഹരിക്കുന്നതു സംബന്ധിച്ച് ഫിഷറീസ് വകുപ്പു സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയും ടി നിവേദനത്തിലെ ആവശ്യങ്ങൾ പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ആഫീസർ